വാർഷികാടിസ്ഥാനത്തിൽ ചെലവഴിച്ച ഇക സംബന്ധിച്ച വിശദാംശം യഥാക്രമം അനുബന്ധം -1 എ, അനുബന്ധം - 1 ബി ആയി ചേർത്തിരിക്കുന്നു.*

(ബി & സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മന്ത്രിമാർ നടത്തിയ വിദേശയാത്ര സംബന്ധിച്ച വിശദാംശം അനുബന്ധം - 2 ആയി ചേർത്തിരിക്കുന്നു.*

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാരുടെ വസതികളിലേക്ക് ഇലക്ട്രോണിക്സ് ഉപകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. ഓഫീസുകളിലേക്ക് നാളിതുവരെ ചെലവാക്കിയ ഇക സംബന്ധിച്ച വിശദാംശം അനുബന്ധം - 3 ആയി ചേർത്തിരിക്കുന്നു.*

പമ്പ-അച്ചൻകോവിൽ-വൈപ്പാർ നദീ സംയോജന പദ്ധതി

76 (77) ശ്രീ. സി. കെ. നാണു :
ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീമതി ജമീല പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പ-അച്ചൻകോവിൽ-വൈപ്പാർ സംയോജന പദ്ധതിയിലെ സുപ്രീംകോടതി വിധിയിന്മേൽ സംസ്ഥാന സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) സംയോജന പദ്ധതി കേരളത്തിന് ദോഷമാകുമെന്ന നിലപാട് കേന്ദ്ര സർക്കാരിലോ ദേശീയ ജല കമ്മീഷനിലോ മറ്റേതെങ്കിലും സമിതിയിലോ ഉന്നയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) പ്രധാനമന്ത്രിയുമായുള്ള ആദ്യ സന്ദർശനത്തിൽ തന്നെ തമിഴ് നാട് മുഖ്യമന്ത്രി സംയോജന പദ്ധതിയുമായി മുന്നോട്ട് പോകണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കേരള മുഖ്യമന്ത്രി പ്രധാനമന്ത്രിയുമായി നടത്തിയ ആദ്യ സന്ദർശനത്തിൽ ഈ പദ്ധതിയെപ്പറ്റി കേരളത്തിന്റെ നിലപാട് അറിയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്താണെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) നദീസംയോജന പദ്ധതിയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീംകോടതി പുറപ്പെടുവിച്ച 27-2-2012-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലും,

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിൽനിന്നും ലഭിച്ച നിർദ്ദേശങ്ങൾകൂടി പരിഗണിച്ചും, കോടതി നിർദ്ദേശിച്ച പ്രകാരമുള്ള സ്പെഷ്യൽ കമ്മിറ്റിയിലേക്ക് കേരളത്തിന്റെ പ്രതിനിധിയായി ജലവിഭവ വകപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ നാമനിർദ്ദേശം ചെയ്തുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. (12-3-2013-ലെ G.O. (Rt) No. 276/2013/WRD പ്രകാരം) സുപ്രീം കോടതി നിർദ്ദേശപ്രകാരമുള്ള പ്രത്യേക സമിതി രൂപീകരിച്ചുകൊണ്ട് കേന്ദ്ര സർക്കാരും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കോടതി നിർദ്ദേശപ്രകാരം രൂപീകൃതമായിട്ടുള്ള സമിതിക്ക്, പദ്ധതികൾ സംബന്ധിച്ച് ശിപാർശ നൽകുവാനുള്ള അധികാരം മാത്രമേയുള്ളൂ. ബന്ധപ്പെട്ട സംസ്ഥാനങ്ങളുടെ സമ്മതമില്ലാതെ നദീസംയോജനപദ്ധതികൾ നടപ്പിലാക്കാൻ കഴിയുകയില്ല. കൂടാതെ നദീസംയോജനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന്റെ താല്പര്യങ്ങളും ആശങ്കകളും അഭിപ്രായങ്ങളും കേരളത്തിന്റെ പ്രതിനിധിക്ക് പ്രത്യേക സമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരാനും കഴിയുന്നതാണ്. സംസ്ഥാനത്തിന്റെ സമ്മതത്തോടുകൂടി മാത്രമേ നദീസംയോജന പദ്ധതികളുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളുവെന്ന വസ്തുതയുടെ അടിസ്ഥാനത്തിൽ സുപ്രീകോടതി വിധിയുടെ 27-2-2012-ലെ വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനതലത്തിൽ തുടർനടപടികൾ ഉടൻ ആവശ്യമില്ലാ യെന്നുള്ള നിയമോപദേശവും ലഭിച്ചിരുന്നു. എന്നിരുന്നാലും പമ്പ-അച്ചൻകോവിൽ-വൈപ്പാർ നദീസംയോജനപദ്ധതി കേരളത്തിന് ഗുണകരമല്ലാത്തതിനാൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനെതിരെ സംസ്ഥാനം സാദ്ധ്യമായ വേദികളിലെല്ലാം എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിലുള്ള സംസ്ഥാനത്തിന്റെ നിലപാട് ശരിയാണെന്ന് സ്ഥാപിക്കുന്നതിന് ഉപോൽബലകമായ വിദഗ്ധ സമിതികളുടെ പഠന റിപ്പോർട്ടുകളും ലഭ്യമാക്കിയിട്ടുണ്ട്.

(ബി) സംയോജന പദ്ധതി കേരളത്തിന് ദോഷമാകുമെന്ന കേരളത്തിന്റെ നിലപാട്, ഈ പദ്ധതിയുടെ സാധ്യതാപഠന റിപ്പോർട്ട് തയ്യാറാക്കിയ ദേശീയ ജലവികസന ഏജൻസിയുടെ (NWDA) ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റിയുടേയും ഗവേണിംഗ് ബോഡിയുടേയും യോഗങ്ങളിലും; ജനറൽബോഡി യോഗങ്ങളിലും പങ്കെടുത്തിട്ടുള്ള കേരളത്തിന്റെ പ്രതിനിധികൾ ആവർത്തിച്ചു വ്യക്തമാക്കിയിട്ടുണ്ട്. 21-11-2014-ൽ നദീജലസംയോജനം ചർച്ച ചെയ്യാൻ കേന്ദ്രജലവിഭവ വകപ്പ് മന്ത്രി വിളിച്ചുചേർത്ത യോഗത്തിലും പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് കേരളത്തിന് സ്വീകാര്യമല്ലെന്ന് കാര്യകാരണങ്ങൾ നിരത്തി കേരള ജലവിഭവവകുപ്പ് മന്ത്രി അറിയിച്ചിട്ടുണ്ട്. പമ്പ-അച്ചൻകോവിൽ - വൈപ്പാർ ലിങ്ക് പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് കേരളം സാധ്യമായ എല്ലാ വേദികളിലും എതിർപ്പ് പ്രകടിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത പദ്ധതി, ദേശീയ ജലവികസന ഏജൻസി സംയോജന പദ്ധതികൾ സംബന്ധിച്ച് തയ്യാറാക്കിയ മുൻഗണനാലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല

കേരളത്തിന്റെ സമ്മതമില്ലാതെ പ്രസ്തുത പദ്ധതി സംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കുകയില്ലായെന്നും ദേശീയ ജലവികസന ഏജൻസിയുടെ വിവിധ യോഗങ്ങളിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്.

(സി) ഇക്കാര്യത്തിലുള്ള ചില പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഇതു സംബന്ധിച്ചുള്ള കേരളത്തിന്റെ നിലപാട് നേരത്തേ തന്നെ അറിയിച്ചിട്ടുണ്ട്.

കേന്ദ്രബജറ്റ് സംബന്ധിച്ച സംസ്ഥാന നിർദ്ദേശങ്ങൾ

77 (78) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15-ലെ കേന്ദ്ര പൊതുബജറ്റ് സംബന്ധിച്ച് സംസ്ഥാനം യഥാസമയം ശിപാർശ സമർപ്പിച്ചിരുന്നോ ;

(ബി) പ്രസ്തുത ശിപാർശ സമർപ്പിക്കുന്നതിന്റെ ഭാഗമായി ആവശ്യമായ ചർച്ചകളും പരിശോധനകളും നടത്തിയിരുന്നോ ;

(സി) സംസ്ഥാനം സമർപ്പിച്ച നിർദ്ദേശങ്ങളിൽ അംഗീകരിക്കപ്പെട്ടവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ഡി) 2015-16 കേന്ദ്ര പൊതുബജറ്റ് സംബന്ധിച്ച് സംസ്ഥാന നിർദ്ദേശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) 2014-15-ലെ കേന്ദ്ര പൊതു ബജറ്റ് സംബന്ധിച്ച് ആവശ്യമായ ചർച്ചകളുടേയും പരിശോധനകളുടേയും അടിസ്ഥാനത്തിൽ സംസ്ഥാനം യഥാസമയം സമഗ്രമായ ശിപാർശകൾ സമർപ്പിച്ചിരുന്നു. 2014-15-ലെ കേന്ദ്ര ബജറ്റിന് മുന്നോടിയായി കേന്ദ്ര ധനമന്ത്രി വിളിച്ചുചേർത്ത സംസ്ഥാന ധനമന്ത്രിമാരുടെ യോഗത്തിൽ സംസ്ഥാന ധനമന്ത്രി പങ്കെടുക്കുകയും, കേന്ദ്ര ബജറ്റിൽ പരിഗണിക്കുന്നതിനായി സംസ്ഥാനത്തിന്റെ വിവിധ ആവശ്യങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. സാമ്പത്തിക മാന്ദ്യത്തെത്തുടർന്ന് കാർഷിക മേഖലയിലുണ്ടായ തിരിച്ചടി നേരിടുന്ന സംസ്ഥാനങ്ങളെ സഹായിക്കുന്നതിനായി പ്രത്യേക ഫണ്ട് രൂപീകരിക്കുക, വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി പൊതു വിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുകയും വിപണി ഇടപെടലുകൾക്കായി കേന്ദ്ര സഹായം അനുവദിക്കുകയും ചെയ്യുക, സംസ്ഥാന സമ്പദ് വ്യവസ്ഥയെ പുനരുദ്ധരിക്കുന്നതിനായി അടിസ്ഥാന സൗകര്യ വികസനം, വ്യാവസായിക

LIBRARY ARCHIVES Kerala Legislative Assembly